## വളരെ അടിയന്തിരം

ഇ.എക്സ്/എഫ്.1/39001/2016/സി.ജി.ഇ(2)

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം, തീയതി 17/08/2016

പ്രേഷകൻ

ജോയിന്റ് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം: പൊതുവിദ്യാഭ്യാസം- എസ്.എസ്.എൽ.സി പരീക്ഷ മാർച്ച് 2017 മെയിൻ, അഡീഷണൽ ഉത്തരക്കടലാസുകൾ, സി.വി.കവറുകൾ എന്നിവയുടെ എണ്ണം ഓൺലൈൻ മുഖാന്തിരം അയയ്ക്കുന്നത് സംബന്ധിച്ച്.

സൂചന: ഈ ഓഫീസിലെ 21/06/2016, 27/07/2016 എന്നീ തീയതികളിലെ ഇതേ നമ്പരിലുള്ള സർക്കുലർ

താങ്കളുടെ വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട ഹൈസ്കൂൾ/ഹയർ സെക്കന്ററി സ്കൂൾ/ വി.എച്ച്.എസ്.എസ് സ്കൂളുകൾക്കാവശ്യമായ മെയിൻ അഡീഷണൽ ഉത്തരക്കടലാസുകൾ, സി.വി.കവറുകൾ എന്നിവ ഓൺലൈൻ മുഖാന്തിരം അപ്ലോഡ് ചെയ്യണമെന്ന് സൂചനയിലെ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിരുന്നു. എന്നാൽ പല സ്കൂളുകളും പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ ഇക്കാര്യത്തിൽ താങ്കളുടെ പ്രത്യേക ശ്രദ്ധ പതിപ്പിച്ച് ഇനിയും അപ്ലോഡ് ചെയ്യാത്ത സ്കൂളുകളെക്കൊണ്ട് 27/08/2016-ന് മുമ്പായി അപ്ലോഡിംഗ് ചെയ്യിക്കുന്നതിനുള്ള നിർദ്ദേശം നൽകണമെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ
ഒപ്പ്
ജോയിന്റ് കമ്മീഷണർ

പകർപ്പ്:

എല്ലാ പ്രധാന അദ്ധ്യാപകർക്കും
(ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരം)